LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടേറിയറ്റിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ

3 [1578] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സെക്രട്ടേറിയറ്റിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ എത്ര എണ്ണം ഉണ്ടെന്നും എത്ര കാലപ്പഴക്കമുള്ളതാണെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

തീരുമാനമാകാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം 1,19,579 ആണ്. ഫയലുകളുടെ കാലപ്പഴക്കവും വകുപ്പു തിരിച്ചുള്ളതുമായ സ്ഥിതിവിവര കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഫയൽ അദാലത്തുകൾ

4 [1580] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റു സെക്രട്ടേറിയറ്റിലും മറ്റു സർക്കാർ ഓഫീസുകളിലും വർഷങ്ങളായി തീരുമാനമാകാതെ കിടക്കുന്ന ധാരാളം ഫയലുകൾ ഉണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫയലുകളിന്മേൽ അന്തിമതീരുമാനമുണ്ടാകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) കാലപ്പഴക്കവും പ്രാധാന്യവുമുള്ള ഫയലുകളിന്മേൽ അന്തിമതീരുമാനം കൈക്കൊള്ളാൻ സർക്കാർ തലത്തിലും മറ്റു ഡിപ്പാർട്ടുമെന്റു തലത്തിലും അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നടപടി കൈക്കൊള്ളുമോ;

(ഡി) രണ്ടു വർഷത്തിലധികം പഴക്കമുള്ള എത്ര കേസുകൾ വീതം ഗവൺമെന്റ് സെക്രട്ടറിയേറ്റിലും മറ്റു സർക്കാർ ഓഫീസുകളിലും നിലവിലുണ്ടെന്ന് ഡിപ്പാർട്ടുമെന്റു തിരിച്ചുള്ള കണക്കുകൾ സഹിതം വ്യക്തമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.